## അധ്യായം രണ്ട്

ഓർമകൾ പുതഞ്ഞു കൊണ്ടേയിരുന്നു, അസ്വസ്ഥതയുടെ മണൽകാടുകളിലൂടെ അലഞ്ഞ്, സ്നേഹത്തിന്റെ ശാദ്വല ഭൂമിക തേടി. ആരോ കടന്നുവരുന്നതിന്റെ കാലൊച്ചകളിൽ ജേക്കബിന്റെ ചിന്തകൾ മുറിഞ്ഞു.മേരിയാണ്. വൈ.എം.സി.എ മീറ്റിംഗ് കഴിഞ്ഞ് എത്തിയതേയുള്ളൂ. മുഖത്ത് പ്രതിഫലിച്ച മനസിന്റെ മുറിവുകളെ ചിരിയിൽ മായ്ക്കാനുള്ള അയാളുടെ ശ്രമം പാഴാകുന്നത് തിരിച്ചറിയാൻ മേരിക്ക്അധികം പ്രയാസപ്പെടേണ്ടിവന്നില്ല. വിഷാദം നിഴൽ വീഴ്ത്തിയ ആ മുഖഭാവം അവൾക്ക് അപരിചിതമായിരുന്നു.

'എന്തേ?'

ഉത്കണ്ഠയോടെ അവർ ചോദിച്ചു.

"ഒരു ചതിപറ്റി... മനസറിഞ്ഞ് ഒരു തെറ്റും ചെയ്തിട്ടില്ല... പക്ഷേ ഇപ്പോൾ സസ്പെൻഷനിലാണ്... അതും കൈക്കൂലിക്കേസിൽ...." അയാൾ വാക്കുകൾക്കുവേണ്ടി പരതി.

സ്തബ്ധയായി നിന്നുപോയി മേരി.

'സസ്പെൻഷനോ?' അതും കൈക്കൂലിക്കേസിൽ.... ഇതിൽപരം ഒരു അപമാനമുണ്ടോ..ഒരു വാക്കു പറഞ്ഞിരുന്നെങ്കിൽ അപ്പനോട് പറഞ്ഞ് എത്ര പണം വേണമെങ്കിലും തരപ്പെടുത്തില്ലായിരുന്നോ. മേരിയുടെ വാക്കുകളിൽ ഒരു കുറ്റപ്പെടുത്തലിന്റെ വായ്ത്തല ഒളിപ്പിച്ചു വച്ചിരുന്നു.

"പറഞ്ഞില്ലേ... എന്റെ ഭാഗത്ത് വീഴ്ചയൊന്നുമുണ്ടായിട്ടില്ല. ചെറിയൊരു നോട്ടപ്പിശകാണ് എല്ലാത്തിനും കാരണം."

എല്ലാം നശിച്ചതുപോലെയാണ് മേരിക്കു തോന്നിയത്. ഒന്നും കേൾക്കാൻ നില്ക്കാതെ അവർ ദേഷ്യത്തിൽ മുറിവിട്ടിറങ്ങി. ഇറങ്ങുംമുമ്പ് വാതിൽക്കൽ തിരിഞ്ഞു നിന്ന അവളുടെ, പരിഹാസമോ രോഷമോ എന്ന തിരിച്ചറിയാനാവാത്ത നോട്ടത്തിനു മുന്നിൽ അയാൾ ഒരു അപരാധിയെപ്പോലെ നിന്നു.

പുറത്ത് ഇരുട്ട് കനംവച്ചുകൊണ്ടിരുന്നു. അയാളുടെ മനസിലും. ഒരാശ്വാസവാക്ക് കേൾക്കാനോ ഒന്നാശ്വസിക്കാനോ വേണ്ടി അയാൾ ആ ഇരുട്ടിൽ തപ്പിത്തടഞ്ഞു. പ്രക്ഷുബ്ധമായ മൗനവും പേറി അയാൾ ലിവിംഗ് റൂമിലേക്ക് നടന്നു. അവിടെ കസേരയിൽ തലയ്ക്ക് കൈയും കൊടുത്ത് ചിന്തകളിലാണ്ടിരിക്കുന്നു മേരി. വേഷം പോലും മാറിയിട്ടില്ല. മുഖം നിറയെ ദേഷ്യവും നിരാശയും. ആശ്വസിപ്പിക്കാനെന്നോണം അയാൾ മെല്ലെ ആ ചുമലുകളിൽ തൊട്ടു. പരിഭവം മറന്ന് അവൾ അയാളുടെ കൈകൾ സ്വന്തം കൈകളിലേക്ക് ചേർത്തുവച്ചു. കാത്തിരുന്ന സാന്ത്വനസ്പർശം. അയാൾക്ക് ആശ്വാസം തോന്നി.

"ഇതിൽ നിന്ന് തലയൂരാനെന്താണൊരു വഴിയെന്നു ഞാനാലോചിക്കുകയായിരുന്നു. അല്ലെങ്കിൽ പിന്നെ ബന്ധുക്കളുടെയും കൂട്ടുകാരുടെയും മുന്നിൽ എങ്ങനെ തലയുയർത്തിപ്പിടിച്ചു നടക്കും"

അതെക്കുറിച്ചായിരുന്നു മേരിയുടെ ചിന്തകൾ.

"നീ വിശ്വസിക്കണം. എന്റെ കൈകൾ ശുദ്ധമാണ്. ഏത് കമ്മിഷന് മുന്നിലും നിരപരാധിത്വം തെളിയിക്കാൻ ഞാൻ തയാറുമാണ്.." ജേക്കബ് പറഞ്ഞുവെങ്കിലും മേരിയുടെ വാക്കുകളിൽ വീണ്ടും അക്ഷമയും നിരാശയും നിറഞ്ഞുനിന്നു.

"അന്വേഷണം തീരുംവരെ കാത്തിരിക്കാനൊന്നും പറ്റില്ല. അപ്പനെയൊന്ന് കണ്ട് സംസാരിക്കണം. അപ്പൻ വിചാരിച്ചാൽ തീരാവുന്ന പ്രശ്നങ്ങളേയുള്ളൂ." അവർ പറഞ്ഞു.

കാഞ്ഞിരപ്പള്ളിയിലെ വൻ എസ്റ്റേറ്റ് ഉടമയാണ് മേരിയുടെ അപ്പൻ മാത്തച്ചൻ. രാഷ്ട്രീയത്തിലും സജീവം. അസംബ്ലി ഇലക്ഷനിൽ ഒരു തവണ മത്സരിച്ചിട്ടുണ്ട്. കോൺഗ്രസിന്റെ ജില്ലാ കമ്മിറ്റി മെംബറാണ്. ഭരിക്കുന്ന പാർട്ടിയിലെ പ്രമുഖനെന്ന നിലയിൽ അച്ചായനൊന്നിടപെട്ടാൽ തീരാവുന്ന കാര്യങ്ങളേയുള്ളൂവെന്ന് അയാളുമോർത്തു.

"എന്തായാലും ഞാൻ നാളെ വീട്ടിൽ പോയി അപ്പനോട് സംസാരിക്കാം.പക്ഷേ അതിനുമുമ്പുതന്നെ പത്രങ്ങളിൽ നിന്ന് എല്ലാരും വാർത്ത അറിയും. ഇന്ന് തന്നെ അപ്പനെ വിളിച്ച് വിവരം പറയണം. ബീനയോടും ബിനുവിനോടും, അച്ചായനോടും അമ്മച്ചിയോടും കാര്യങ്ങൾ പറയണം. പത്രങ്ങളിൽ നിന്ന് നേരിട്ടറിയുമ്പോൾ ആർക്കും താങ്ങാനായെന്നുവരില്ല".

മേരി പറഞ്ഞതുശരിയാണെന്നു ജേക്കബിനും തോന്നി.അയാൾ ബീനയെ ഫോണിൽ വിളിച്ചു.

ഹോസ്പിറ്റലിൽ നിന്ന് ഹോസ്റ്റലിലേക്ക് വന്നുകയറുന്നേയുണ്ടായിരുന്നുള്ളൂ ബീന. ഡാഡിയുടെ സ്വരം കേട്ട് അവൾക്ക് സന്തോഷമായി. വളരെ പ്രസരിപ്പോടെയായിരുന്നു അവളുടെ സംസാരം.

"ഹലോ ഡാഡീ, ഞാനിപ്പം, ഡാഡീടേം മമ്മീടേം കാര്യം ഓർത്തേയുള്ളൂ."

"പഠിത്തമൊക്കെ എങ്ങനെ നടക്കുന്നു മോളേ? നീയിനി എന്നാണ് നാട്ടിലേക്ക് വരിക?"

"പഠിക്കാനേറെയുണ്ട് ഡാഡീ. കുറച്ചു ദിവസം കൂടികഴിഞ്ഞ് വന്നാൽ പോരേ? ഹൗസ് സർജൻസി തീർന്നാൽ എം.എസ് പ്രോഗ്രാമിന് ചേരണമെന്നുണ്ട്. സർജനാകുന്നതാണെനിക്കിഷ്ടം. മമ്മിക്ക് സുഖമല്ലേ ഡാഡീ?" അവൾ ഒറ്റശ്വാസത്തിൽ ഇങ്ങനെ ഒരായിരം കാര്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നു.

“മമ്മി നാളെ കാഞ്ഞിരപ്പള്ളി വരെ പോകാനിരിക്കുകയാണ് മോളേ.”ഡാഡിയുടെ വാക്കുകളിലൊരു പതർച്ചയുള്ളതുപോലെ തോന്നി ബീനയ്ക്ക്..

അവൾ വീണ്ടും ചോദിച്ചു.

“ഗ്രാൻഡ്പായ്ക്കെന്തെങ്കിലും കുഴപ്പം?”

“ഒന്നുമില്ല മോളേ. പക്ഷേ ഡാഡി ചെറിയൊരു പ്രശ്നത്തിൽ പെട്ടിരിക്കുകയാണ്. മമ്മി അതുകൊണ്ട് ആകെ അപ്സെറ്റാണ്.”

“ഡാഡിക്കിതെന്തുപറ്റി? എന്നെ ടെൻഷനടിപ്പിക്കാതെ ഒന്നു പെട്ടെന്ന് പറ ഡാഡീ.”ബീനയുടെ വാക്കുകളിൽ തിടുക്കവും വേവലാതിയും.

“കൈക്കൂലി കേസിൽ സസ്പെൻഷനിലാണ് മോളേ, ഡാഡി.. കെട്ടിച്ചമച്ചുണ്ടാക്കിയ കേസാണ്. അന്വേഷണം കഴിഞ്ഞാൽ ഡാഡി ക്ലീൻ ഇമേജോടെ പുറത്തുവരുമെന്നുറപ്പാ. മോൾ വിഷമിക്കാനൊന്നുമില്ല.കാഞ്ഞിരപ്പള്ളിയിൽ പോയി അച്ചായനോട് ഇക്കാര്യം സംസാരിക്കാനുള്ള തിടുക്കത്തിലാ മമ്മി.അച്ചായന് രാഷ്ട്രീയസ്വാധീനമുള്ളതിനാൽ കേസ് കൂടുതൽ പ്രശ്നങ്ങളിലേക്കു പോകാതെ തീർക്കാനാകും.”

“കൈക്കൂലിക്കേസോ. വിശ്വാസം വരുന്നില്ലെനിക്ക്. കാര്യങ്ങളൊന്നൂടി വിശദമായി പറയൂ ഡാഡി. വിവരങ്ങളറിയാഞ്ഞാൽ എനിക്ക് ടെൻഷനാകും.”

“ പെട്ടെന്നുതന്നെ എല്ലാം നേരെയാകും മോളേ. ഫോണിലൂടെ പറഞ്ഞാൽ ശരിയാകില്ല.”ബീന വിഷമിക്കണ്ടന്നു കരുതി ജേക്കബ് പറഞ്ഞു.

“എന്നാൽ ഞാൻ അടുത്തദിവസം തന്നെ നാട്ടിലോട്ട് വരുന്നുഡാഡീ. ഇവിടെയിരുന്നാൽ ടെൻഷൻകാരണം എനിക്കൊന്നും ശ്രദ്ധിക്കാൻ പറ്റില്ല..”

“അങ്ങനെയെങ്കിൽ വന്നിട്ടു പൊക്കോളൂ. ഡാഡിയുടെ കൈകൾ ശുദ്ധമാണ്. അതോർത്തു നീ വിഷമിക്കണ്ട.”

“എന്നാൽ ശനിയാഴ്ച കാണാം ഡാഡീ, ബൈ.”

അയാൾ ഫോൺ വച്ചു. ബിനുവിനെ വിളിച്ചെങ്കിലും അങ്ങേത്തലക്കൽ നിന്ന് മറുപടിയൊന്നും കിട്ടിയില്ല. ബീനയെ വിളിച്ചതും അവൾ വരുന്ന വിവരവും ജേക്കബ് മേരിയോടു പറഞ്ഞു.

“തിരക്കിനിടയിൽ നിന്നും മോളെയെന്തിനാ ഈ വിഷമങ്ങളിലേക്ക് കൊണ്ടുവരുന്നേ?.” ബീന വരുന്നതറിഞ്ഞ് മേരി അസ്വസ്ഥയായി. അത്താഴത്തിനിരുന്നപ്പോഴും മേരി കേസിലേക്ക് തിരിച്ചുവന്നു. അയാളുടെ നിരപരാധിത്വം ഒരു വട്ടം കൂടി ചോദിച്ചുറപ്പിക്കാനുള്ള ശ്രമത്തിലായിരുന്നു അവർ.

‘ഇതിലിടപെട്ടതുകൊണ്ട് അപ്പന് പ്രശ്നമൊന്നുമുണ്ടാകില്ലല്ലോ അച്ചായാ?”

മേരിയുടെ ചോദ്യം അയാളെ തളർത്തി.അവരുടെ മുഖത്തേക്കു നോക്കാതെ അയാൾചോദിച്ചു,

“ഇത്ര കാലമായിട്ടും നിനക്കെന്നെ മനസിലായില്ലേ.”

ജേക്കബിന്റെ വാക്കുകളിലെ പരിഭവവും വിഹ്വലതയും തിരിച്ചറിഞ്ഞ് മേരിപറഞ്ഞു.

“ഒരുറപ്പിനു വേണ്ടി ചോദിച്ചെന്നേയുള്ളൂ.അച്ചായൻ അതോർത്തിനി വിഷമിക്കണ്ട.”.

കിടക്കുന്നതിന് മുമ്പ് ജേക്കബ് കുമരകത്ത് വീട്ടിലേക്ക് വിളിച്ച് അപ്പൻ സെബാസ്റ്റ്യനോടും കാര്യങ്ങളുടെ ഒരു രൂപം അവതരിപ്പിച്ചു. എല്ലാം കേട്ടുകഴിഞ്ഞ് അപ്പച്ചൻ പറഞ്ഞ വാക്കുകൾ അയാൾക്ക് ആശ്വാസമായി.

“ഒന്നുകൊണ്ടും വിഷമിക്കണ്ട. എല്ലാം നേരെയാകും. ഞാനും അമ്മച്ചിയും കൂടി അടുത്ത ദിവസം തന്നെ തിരുവനന്തപുരത്തിനു വരുന്നുണ്ട്. നീ വിഷമിക്കുന്നതു എനിക്ക് സഹിക്കില്ല.”

“വല്യപ്പച്ചനെ തനിച്ചാക്കി ഇത്ര ദൂരം വരേണ്ടതുണ്ടോ അപ്പച്ചാ. എന്റെ പ്രശ്നങ്ങൾ പെട്ടെന്ന് തീരില്ലേ?”

ജേക്കബ് അപ്പച്ചനെ പിന്തിരിപ്പിക്കാനുള്ള ശ്രമത്തിലായിരുന്നു.

“ഇവിടെയിരുന്നാൽ സമാധാനം കിട്ടില്ല. ഇവര് ശങ്കരനും അമ്മിണിയും കൂടി അപ്പച്ചന്റെ കാര്യങ്ങൾ കുറച്ചു ദിവസം നോക്കട്ടെ. മറവിയുണ്ടെന്നേയുള്ളൂ അപ്പച്ചന.ആരോഗ്യത്തിന് കുഴപ്പമൊന്നുമില്ല.”

“എന്നാ ശരി അപ്പച്ചാ, നാളെ കാണാം.” അയാൾ ഫോൺവച്ചു.

ബിനുവിനെ വീണ്ടും ഡയൽ ചെയ്തപ്പോൾ ലൈനിൽ കിട്ടി. കുശലാന്വേഷണങ്ങൾക്കുശേഷം ബിനുവിനോടും വിവരം പറഞ്ഞു. ബീനയും, അപ്പച്ചനും അമ്മച്ചിയുമൊക്കെ വീട്ടിലേക്ക് വരുന്ന വിവരവും പറഞ്ഞു.

“പ്രശ്നങ്ങൾ അത്ര സീരിയസാണോ ഡാഡീ.”എന്താണു സംഭവിച്ചതെന്നു ബിനുവിന് ഒരു രൂപവുമില്ലാരുന്നു.

“കുഴപ്പമൊന്നുമില്ല മോനേ, കാഞ്ഞിരപ്പള്ളിയിലെ അച്ചായൻ പ്രശ്നത്തിൽ ഇടപെടുന്നുണ്ട്. എല്ലാം ഉടനെ നേരെയാകും.”

“ഞാനൊന്നു ശ്രമിക്കട്ടെ ഡാഡീ. പറ്റിയാൽ ഞാനും ശനിയാഴ്ച അവിടെയെത്തും. എല്ലാരെയും ഒരുമിച്ച് കാണുകയും ചെയ്യാമല്ലോ.”

അയാൾക്ക് ആശ്വാസം തോന്നി. ഒരു പ്രതിസന്ധി ഘട്ടത്തിൽ എല്ലാരും തനിക്കൊപ്പം നിൽക്കുന്നുണ്ടല്ലോ. ആശ്വാസവാക്കുകളുമായി എത്തുന്നുണ്ടല്ലോ.അലകളിരമ്പുന്ന മനസ് പ്രക്ഷുബ്ധതയിൽ നിന്ന് ശാന്തതയിലേക്ക് കീഴടങ്ങാനുള്ള ശ്രമങ്ങളിലായിരുന്നു. എത്ര സുന്ദരമായിരുന്നു കുമരകവും അവിടത്തെ കുട്ടിക്കാലവും.സ്കൂളിലേക്കുള്ള യാത്രകൾ മനസിൽനിന്നു മായുന്നേയില്ല..അമ്മച്ചിയ്ക്കൊപ്പമായിരുന്നു സ്കൂളിൽ പോക്ക്. അന്ന് പള്ളിവക സ്കൂളിലായിരുന്നു അമ്മച്ചി പഠിപ്പിച്ചിരുന്നത്.അമ്മച്ചിയ്ക്കൊപ്പം കാഴ്ചകൾ കണ്ടു നടക്കുമ്പോ സമയം പോകുന്നതറിയുകേയില്ല.

പ്രകൃതിയുടെ ലാവണ്യമത്രയും ഒന്നുചേർന്നിരുന്നു അന്നു കുമരകത്തെങ്ങും. ഇന്നത്തേക്കാൾ മനോഹരിയായിരുന്നു അന്നത്തെ പ്രകൃതി.. കൃഷിയൊഴിഞ്ഞ പാടങ്ങളിൽ ആമ്പലുകൾ കൂട്ടമായി പൂവിട്ടു നിൽപുണ്ടാകും. പാടവരമ്പ് ചേർന്നു നടന്നു നീങ്ങുമ്പോഴാവും വെള്ളപ്പട്ട് പുതച്ചപോലെ കൊറ്റികൾ കൂട്ടമായി പാടം വിട്ടുയരുക.കണ്ണെത്താദൂരത്തോളം പാടങ്ങളുടെ പച്ചപ്പ്. തെല്ലകലെ നിന്നും മന്ദം മന്ദമൊഴുകുന്ന വെള്ളത്തിന്റെ നേർത്ത സംഗീതം. പ്രകൃതിയുടെ കൗതുകങ്ങളിലലിഞ്ഞ് നടക്കുമ്പോൾ ദൂരത്തെകുറിച്ച് ചിന്തിക്കാൻ നേരമുണ്ടാവില്ല. കൈത്തോടുകൾക്കും ആറുകൾക്കും മേലേയുള്ള ഒറ്റത്തടിപ്പാലങ്ങളോരോന്നായി കയറിയിറങ്ങി വേണം സ്കൂളിലെത്താൻ. ഇന്നത്തെ പോലെ കോൺക്രീറ്റ് പാലങ്ങളൊന്നും അന്നില്ല. വെള്ളത്തിന്റെ നിരപ്പിൽ നിന്ന് 15 അടിയോളം ഉയരത്തിലുള്ള തടിപ്പാലങ്ങൾ.

പാലത്തിൽ കയറുമ്പോൾ വല്ലാത്തൊരു ഭയമാണ് ഉള്ളിൽ. മുകളിൽ കൈപിടക്കാനുള്ള കമ്പിയിൽ പിടിച്ച് മെല്ല നടന്നു നീങ്ങും. ആലോചിച്ചു നിന്നാൽ പേടിച്ചു താഴെവീഴും. ഇന്നിപ്പോൾ തെങ്ങും തടിപ്പാലങ്ങളൊന്നും കാണാനില്ല. കോൺക്രീറ്റ് പാലങ്ങളാണെങ്ങും. ഇടവഴികളൊക്കെയും ടാർറോഡുകളായി. സായംകാലങ്ങളിൽ ആറ്റിൽ കൂട്ടുകാർക്കൊപ്പം നീന്തിക്കളിച്ചതും വള്ളത്തിൽ ആറ്റിലൂടെ കറങ്ങി നടന്നതുമൊക്കെ മനസിൽ മായാത്ത ഓർമകളാണിന്നും. അന്നത്തെ ഗ്രാമീണ മുഖമൊക്കെ ഇന്ന് കുമരകത്തിന് നഷ്ടമായി. പണ്ടത്തെ കൊച്ചുകുടിലുകളുടെ സ്ഥാനത്ത് സാമാന്യം വലിയ വീടുകളാണിന്നെങ്ങും. പറമ്പിലാണെങ്കിൽ ഉയരം കൂടിയ തെങ്ങുകൾക്ക് പകരം പൊക്കം കുറഞ്ഞ തെങ്ങുകൾ. പലതരം പക്ഷികൾ മാത്രം അന്നത്തെ പോലെ തന്നെ ഇന്നും കുമരകത്തെ സമ്പന്നമാക്കുന്നു. ചേരക്കോഴികളും ചാരമുണ്ടികളും വെള്ളരിക്കൊക്കുകളും കിന്നരിനീർകാക്കകളും കടൽ കടന്നെത്തുന്ന സൈബീരിയൻ കൊക്കുകളും ചേർന്ന് കാഴ്ചയുടെ ഒരു പറുദീസ തന്നെയാണവിടം. കണ്ടൽകാടുകളുടെയും പക്ഷികൾ ചേക്കേറുന്ന മരങ്ങളുടെയും നല്ലൊരു ഭാഗം വികസന പ്രവർത്തനങ്ങളുടെ പേരിൽ വെട്ടിക്കളഞ്ഞു. നഗരവൽകരണത്തിൽ കുമരകത്തിന്റെ മുഖഛായ തന്നെ മാറി. നെൽപാടങ്ങൾ നികത്തി പാർപ്പിടങ്ങളും റോഡുകളും നിർമിച്ചു. മരങ്ങളും ചെടികളും കൊണ്ട് സമൃദ്ധമായിരുന്ന കുമരകം ഇന്ന് കോൺക്രീറ്റ് വനം പോലെയാണ്.ജനിച്ചുവീണതവിടെയാണെങ്കിലും ഇന്നിപ്പോ അങ്ങോട്ടൊന്നും പോകാൻ സമയം കിട്ടാറില്ല.എന്നും തിരക്കു തന്നെ.എൺപതുകളുടെ ഒടുവിൽ കോട്ടയം കലക്ടറായിരിക്കെ, സമയം കിട്ടുമ്പോഴെല്ലാം കുമരകത്ത് വീട്ടിൽ പോയിരുന്നു. ഞായറാഴ്ചകളിൽ അവിടെ പള്ളിയിൽ കുർബാന കാണും. കാത്തലിക്, ക്നാനായ, ഓർത്തഡോക്സ്, മാർത്തോമ, ജേക്കബൈറ്റ്, സി.എസ്.ഐ വിഭാഗങ്ങൾക്കൊപ്പം പെന്റക്കോസ്ത് വിഭാഗത്തിലെ സെവൻത് ഡേ അഡ്വെന്റിസ്റ്റ്, യഹോവാസാക്ഷി വിഭാഗങ്ങൾക്കും ശക്തമായ സ്വാധീനമുണ്ട് കോട്ടയത്ത്. ആചാരങ്ങളുടെയും ആഘോഷങ്ങളുടെയും കേന്ദ്രം. എ.ഡി 52ൽ കേരളത്തിലെത്തിയ ക്രിസ്തു ശിഷ്യൻ സെന്റ് തോമസിൽ നിന്ന് മാമോദീസ സ്വീകരിച്ച ബ്രാഹ്മണരാണ് പൂർവികരെന്ന് അഭിമാനിക്കുന്നവരാണ് സിറിയൻ ക്രിസ്ത്യൻ സമൂഹം. ചെന്നൈയിലെ ബീച്ചിൽ വച്ച് സെന്റ് തോമസ് വധിക്കപ്പെട്ടുവെന്നും സെന്റ് തോമസ് മൗണ്ടിൽ മൃതദേഹം സംസ്കരിച്ചുവെന്നും കത്തോലിക്കർ വിശ്വസിക്കുന്നുവെന്ന് വല്യപ്പച്ചൻ പലവട്ടം പറഞ്ഞു തന്നിരിക്കുന്നു. ജൂലൈ മൂന്നിന്, സെന്റ് തോമസ് ദിനമായി ആചരിക്കുന്ന ദുക്റാന തിരുന്നാളിൽ പുഴുക്ക് നേർച്ചയും സംഘടനകളുടെ വാർഷിക ദിനാചരണവുമൊക്കെയായി എന്തെല്ലാം ആചാരങ്ങളും ആഘോഷങ്ങളുമാണ് ഓർമയുടെ പുസ്തകത്തിൽ തെളിയുന്നത്. സ്കൂൾപഠനകാലത്ത് ജൂലൈ മൂന്നാകാൻ കാത്തിരിക്കും. അന്ന് വാർഷികസമ്മേളനം കഴിയുമ്പോഴേക്കും ഒരുകൂട്ടം സമ്മാനങ്ങളുണ്ടാകും കൈയിൽ.ഇന്നിപ്പോൾ പേരിനുമാത്രമായിരിക്കുന്നു ആചാരങ്ങളും ആഘോഷങ്ങളും, വിശ്വാസവും പോലും. സുവിശേഷ പ്രഘോഷണം കഴിഞ്ഞ് ഇന്ത്യയിൽ നിന്ന് മടങ്ങിയ സെന്റ് തോമസ് സിറിയയിൽ വെച്ച് മരിച്ചെന്നാണ് ജേക്കബൈറ്റ്, ഓർത്തഡോക്സ് സഭകളുടെ വിശ്വാസം. ക്നായിതൊമ്മനൊപ്പം കപ്പലിൽ കച്ചവടത്തിനായി കേരളത്തിലെത്തിയ 72 കുടുംബങ്ങളിൽ നിന്നുള്ളവരാണ് തങ്ങളുടെ പൂർവികരെന്ന് വിശ്വസിക്കുന്ന ക്നാനായ സമൂഹം അവരുടേതായ ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും നിന്ന് തെല്ലും പിന്നോട്ടുപോകാറില്ലിന്നും. കാത്തലിക്, ഓർത്തഡോക്സ് സഭകളുടെ ആരാധനാക്രമങ്ങൾ അന്നൊക്കെ സിറിയൻ ഭാഷയിലായിരുന്നു. പോർച്ചുഗീസ് നാവികൻ വാസ്കോഡിഗാമയുടെ വരവോടെ ലാറ്റിൻ കാത്തലിക്സും കേരളത്തിൽ എത്തി. സിറിയൻ ക്രിസ്ത്യൻസിൽ പലരും പിന്നീട് ചർച്ച് മിഷൻ സമൂഹത്തിൽ

ചേർന്നു. ഇംഗ്ലണ്ടിലെ ആംഗ്ലിക്കൻ സഭയുടെ ഭാഗമായിരുന്ന സി.എം.എസ്. പിന്നീട് ചർച്ച് ഒഫ് സൗത്ത് ഇന്ത്യ (സി.എസ്.ഐ) എന്നും ചർച്ച് ഒഫ് നോർത്ത് ഇന്ത്യ (സി.എൻ.ഐ) എന്നും രണ്ടായി.19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ബ്രിട്ടീഷ് ഭരണം നിലനിൽക്കെ തിരുവിതാംകൂർ മഹാരാജാവുമായി ബ്രിട്ടീഷുകാരുണ്ടാക്കിയ ഉടമ്പടി പ്രകാരം സ്കൂളുകളും കോളജുകളും തുടങ്ങാൻ അനുവാദം നൽകിയത് വിപ്ലവാത്മക മാറ്റങ്ങളുണ്ടാക്കി കേരളീയരിൽ. മിഷനറിമാരുടെ വരവ് കേരളത്തിന്റെ മുഖഛായ തന്നെ മാറ്റി. തിരുവിതാംകൂറിലെയും കൊച്ചിയിലെയും സാമൂഹ്യ ഘടന തന്നെ മാറ്റി മറിക്കുകയുണ്ടായി ക്രിസ്ത്യൻ ചർച്ചും മിഷനറിമാരും.

രാജഭരണനാളുകളിൽ കേരളത്തിലെ അപ്പർക്ലാസ് ബ്രാഹ്മണ ക്ഷത്രിയ സമൂഹങ്ങൾ ഭരണത്തിന്റെ തലപ്പത്തുണ്ടായിരുന്നു. പോലിസിന്റെയും കാവൽറിയുടെയും ചാർജായിരുന്നു നായർ സമൂഹത്തിന്. കൂലിപ്പണിക്കാരേറെയും താഴ്ന്ന ജാതിക്കാരും. സ്വന്തമായി സ്കൂളുകളുണ്ടായിരുന്നതിനാൽ വിദ്യാഭ്യാസ കാര്യങ്ങളിൽ മുന്നിൽ നിന്ന ക്രിസ്ത്യാനികൾ ക്ലർക്കു ജോലിയും മറ്റ് വൈറ്റ് കോളർ ജോലികളും സ്വന്തമാക്കി. അന്നൊക്കെ ക്രിസ്ത്യാനികൾ നമ്പൂതിരിമാരുടെ സ്ഥലം പാട്ടത്തിനെടുത്ത് കൃഷി ചെയ്തിരുന്നു. കടം വാങ്ങിയ പണം തിരിച്ചു നൽകാനാകാതെ നമ്പൂതിരിമാർ വിഷമിച്ചപ്പോൾ സ്ഥലത്തിലേറിയ പങ്കും കൃഷി ചെയ്തുവന്ന ക്രിസ്ത്യാനികൾക്ക് സ്വന്തമായി.

ഉച്ചനീചത്വങ്ങളുടേതായിരുന്നു അക്കാലം. സാമൂഹ്യ, മത കാര്യങ്ങളിൽ ബ്രാഹ്മണർക്ക് പ്രഥമസ്ഥാനം ലഭിച്ചത് ജാതി വ്യവസ്ഥ രൂക്ഷമാക്കി. ഭരണക്കാരായ ക്ഷത്രിയരും പടയാളികളായ നായന്മാരും ബ്രാഹ്മണരുടെ നിയന്ത്രണത്തിലായിരുന്ന നാളുകൾ. ഈഴവരും കമ്മാളരും മുക്കുവരും ഉൾപ്പെടെ മറ്റ് ജാതിക്കാരെല്ലാം താണവിഭാഗങ്ങളായി കരുതപ്പെട്ടു. പരസ്പരം തീണ്ടിക്കൂടായ്മ, തൊട്ടു കൂടായ്മ എന്ന അവസ്ഥ വരെയെത്തി ഈ വ്യത്യാസങ്ങൾ. ഒരു ജാതിയിലുള്ളവർ മറ്റ് ജാതിക്കാരുമായി വിവാഹത്തിൽ ഏർപ്പെടുകയോ സാമൂഹ്യ ജീവിതത്തിൽ തുല്യനിലയിൽ കഴിയുകയോ ചെയ്തിരുന്നില്ല. ഇന്ത്യയിലെ മറ്റ് പ്രദേശങ്ങളെക്കാൾ കേരളം ജാതി വ്യത്യാസങ്ങളിൽ മലിനമായിരുന്നു. 19-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ കേരളത്തിലെത്തിയ സ്വാമി വിവേകാനന്ദൻ ഭ്രാന്താലയമെന്ന് കേരളത്തെ വിളിക്കുന്നിടത്തോളം വഷളായിരുന്നു ഇന്നാട്ടിലെ സാമൂഹ്യ സ്ഥിതി. നിരത്തുകൾ, കുളം, കിണർ, അമ്പലങ്ങൾ, വിദ്യാലയങ്ങൾ തുടങ്ങിയവ എല്ലാവർക്കും പൊതുവായി ഉപയോഗിക്കാൻ സ്വാതന്ത്ര്യമില്ലായിരുന്നു. തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ, കാഴ്ചയുടെ പരിധിയിൽപോലും വരാതിരിക്കൽ എന്നിവ താണ ജാതിക്കാർക്ക് സവർണ ജാതിക്കാർ ഏർപ്പെടുത്തിയ വിലക്കുകളായിരുന്നു. അയിത്തവും തീണ്ടലും തൊടീലും കൊടികുത്തിവാണു. നമ്പൂതിരിമാർ പുറത്തിറങ്ങി നടക്കുമ്പോൾ താഴ്ന്ന ജാതിക്കാർ വഴിയിൽ പോലും നിൽക്കില്ല. അവരുടെ വേലക്കാർ മുന്നിൽ നിന്ന് താണ ജാതിക്കാരെ ദൂരേക്ക് മാറ്റിനിർത്തും. ജാതിയുടെ അടിസ്ഥാനത്തിലായിരുന്നു ശിക്ഷാരീതികളും.. ജാതിവ്യവസ്ഥയുടെ രൂക്ഷതയ്ക്കെതിരെ സമൂഹത്തിൽ ശക്തമായ പ്രതികരണമുണ്ടായി. നീതിന്യായ വ്യവസ്ഥ പോലും പക്ഷപാതപരമായിരുന്നു. നിയമം വ്യാഖ്യാനിക്കാനും ശിക്ഷ വിധിക്കാനും ബ്രാഹ്മണർക്കായിരുന്നു അധികാരം. ബ്രാഹ്മണരുടെ സമ്പത്ത് ക്ഷയിച്ചതോടെ ആചാരങ്ങൾ മാറി.

താണജാതിക്കാർ പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ ഫലമായി സ്വന്തം അവകാശങ്ങൾ തിരിച്ചറിഞ്ഞു. ശ്രീനാരായണഗുരുവും ചട്ടമ്പി സ്വാമികളും സാമൂഹിക അനാചാരങ്ങൾക്കും അസമത്വങ്ങൾക്കുമെതിരെ രംഗത്തു വന്നു. ഒരു ജാതി ഒരു മതം ഒരു ദൈവം എന്ന ശ്രീനാരായണ ഗുരുസന്ദേശം സമൂഹത്തിന് പുതിയൊരു ദർശനം നൽകി. ഗുരുവിന്റെ ആശയങ്ങൾ ഉൾക്കൊണ്ട് 1903ൽ രൂപീകരിച്ച എസ്.എൻ.ഡി.പി യോഗം തൊട്ടുകൂടായ്മയെയും ജാതിവ്യവസ്ഥയെയും എതിർത്തു. 1914ൽ മന്നത്തു പദ്മനാഭൻ സ്ഥാപിച്ച എൻ.എസ്.എസും ജാതിവ്യവസ്ഥയ്ക്കെതിരെ പ്രവർത്തിച്ചു. അവർണരെന്ന് കരുതപ്പെട്ടവരുടെ ഉന്നമനത്തിനായി അയ്യങ്കാളിയും പ്രക്ഷോഭം നയിച്ചു. താഴ്ന്ന ജാതിയിലെ ഹിന്ദുക്കൾക്ക് പൊതുനിരത്തിലൂടെ നടക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി മഹാത്മജിവരെയുള്ള നേതാക്കൾ നടത്തിയ വൈക്കം സത്യഗ്രഹം, എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം അനുവദിച്ചുള്ള തിരുവിതാംകൂർ മഹാരാജാവിന്റെ വിളംബരം ഇവയൊക്കെ ചരിത്രം സൃഷ്ടിച്ച സംഭവങ്ങളാണ്.

ഹിന്ദുക്കളുടെ വീടുകളിൽ അന്ന് ക്രിസ്ത്യാനികൾ പോകുന്ന പതിവില്ല. ഹിന്ദുക്കൾ ക്രിസ്ത്യാനികളുടെ വീട്ടിൽ വന്നാൽ പാത്രത്തിൽ വേവിച്ച ഭക്ഷണം കഴിക്കാറില്ല. അവർണർ തൊട്ട് അശുദ്ധമായത് ശുദ്ധമാക്കാൻ ക്രിസ്ത്യാനി തൊടണമെന്നായിരുന്നു വിശ്വാസം.

'തൈലാദി വസ്തുക്കളശുദ്ധമായാൽ

പൗലോസ് തൊട്ടാൽ ശുദ്ധമാകും, എന്നൊരു ചൊല്ലുതന്നെയുണ്ടായിരുന്നു.ക്രിസ്ത്യൻ മിഷനറിമാർക്കും ഹിന്ദു സാമൂഹ്യ പരിഷ്കർത്താക്കൾക്കുമൊപ്പം കുമാരനാശാൻ, എടപ്പള്ളി രാഘവൻ പിള്ള, ചങ്ങമ്പുഴ കൃഷ്ണപിള്ള, വള്ളത്തോൾ, ജി. ശങ്കരക്കുറുപ്പ്, പി. കുഞ്ഞിരാമൻനായർ തുടങ്ങിയ കവികളും തിരുവിതാംകൂർ, കൊച്ചി രാജാക്കന്മാരെ സ്വാധീനിച്ച് സമൂഹത്തിൽ മാറ്റങ്ങൾക്ക് ശ്രമിച്ചു. സ്കൂൾ പഠനകാലത്ത് ഈ സാമൂഹ്യ നായകരെകുറിച്ചൊക്കെ പഠിച്ചത് ജേക്കബ് ഓർത്തു.

ഇന്നിപ്പോൾ കാലം മാറി. തലമുറകൾ മാറി.  മനുഷ്യബന്ധങ്ങളും മാറി. പണ്ട് ഉണ്ടായിരുന്ന സാമൂഹ്യ ബന്ധങ്ങളും ഇന്നില്ല. സാങ്കേതിക വിദ്യയിലും മാറ്റം വന്നു. കൊച്ചു കുട്ടിയായിരുന്നപ്പോൾ അയൽപക്കത്തെ കുട്ടികൾക്കൊപ്പം കൂട്ടുകൂടിയിരുന്നു. അയൽക്കാർ തമ്മിലും ബന്ധുക്കൾ തമ്മിലും അടുപ്പവും സ്നേഹവു മുണ്ടായിരുന്നു  അന്നൊക്കെ.